# പുകവലി നിരോധം

മറ്റു സ്ഥലങ്ങളിലേക്ക് വെള്ളം ഒഴുക്കിക്കൊണ്ടുപോകാൻ വിവിധ തരം പൈപ്പുകൾ ഉപയോഗിക്കാം. കനാലുകൾ കീറുകയുമാകാം. പക്ഷേ, അവ വിള്ളലോ പൊട്ടോ ഉള്ളതും ജലത്തിന് യഥേഷ്ടം പുറത്തേക്കൊഴുകാൻ പറ്റുന്നതുമാകരുത്. അവ സ്ഥാപിച്ചാൽ മാത്രം പോരാ, അവയുടെ കാര്യക്ഷമതയും സുരക്ഷിതത്വവും ഉറപ്പു വരുത്തി വേണം അതുവഴി വെള്ളം തുറന്നുവിടാൻ.

സാഹചര്യ സുരക്ഷിതത്വം നിയമങ്ങളുടെ കാര്യക്ഷമതക്ക് അനിവാര്യമാണ്. പുകവലിയെന്നല്ല, നിരോധിക്കപ്പെടേണ്ട ഏത് കാര്യത്തിന്റെയും അടിസ്ഥാനം അതായിരിക്കണം. ലംഘനത്തിനുള്ള പഴുതുകൾ ഇല്ലാതാക്കിക്കൊണ്ടു വേണം നിയമങ്ങൾ പാസ്സാക്കുവാൻ. പഴുതുകൾ നിലനിൽക്കുന്നിടത്ത് നിയമം പലിക്കപ്പെടാതെപോകും.

പൊതുസ്ഥലത്തെ പുകവലി നിരോധം അഭിനന്ദനീയം തന്നെ. പക്ഷേ, അതിന്റെ നിർമാണം, നിർമാണത്തിനാവശ്യമായ പദാർഥങ്ങളുടെ സ്രോതസ്സ്, വിൽപന, തൊഴിലാളികൾ തുടങ്ങിയ മേഖലകളെ എങ്ങനെ കൈകാര്യം ചെയ്യും? കേവലനിയമത്തിലൂടെ അവയെ എത്രകാലം നിരോധിച്ചുകളയാമെന്നത് കണ്ടറിയേണ്ടതാണ്.

നിരോധം കേവലം പുകവലിയിൽ പരിമിതമാക്കിയതുകൊണ്ട് കാര്യമില്ല. അതിനെക്കാൾ ഗുരുതരമാണ് സ്കൂൾ പരിസരങ്ങളിൽ സുലഭമായി വിറ്റഴിക്കപ്പെടുന്ന പാന്മസാലകൾ. സിഗരറ്റിനെക്കാൾ വേഗത്തിലാണവ മനസ്സുകളെ സ്വാധീനിക്കുന്നത്. അതിനെക്കാൾ വേഗത്തിലാണ് ഓറൽ ക്യാൻസർ പോലുള്ള മാരകരോഗങ്ങൾക്കത് നിമിത്തങ്ങളായി മാറുന്നത്. സ്കൂൾകുട്ടികളാണ് അവയുടെ പ്രധാന ഉപഭോക്താക്കളെന്നതിനാൽ പുതലമുറകളുടെ വ്യക്തിത്വത്തെക്കൂടി അത് വികലമാക്കുമെന്ന ഗുരുതരാവസ്ഥ കൂടി അതിലുണ്ട്. രക്ഷിതാക്കളും സ്കൂൾ അധികൃതരും സർക്കാറുമൊക്കെ അക്കാര്യത്തിൽ ആക്ഷേപാർഹമായ അശ്രദ്ധയിലാണുതാനും.

അവിഹിതമായതിനോടുള്ള പ്രിയം മനുഷ്യസഹജമായല്ല പൈശാചികപ്രേരണയായി വേണം കാണാൻ. സ്വശരീരത്തെയും ബുദ്ധിയെയും ആരോഗ്യത്തെയും അപായപ്പെടുത്തുന്ന വസ്തുക്കളിൽനിന്ന് അകന്നുനിൽക്കണമെന്നത് പ്രാഥമികബോധമാണ്. തുടർച്ചയായ ബോധവത്കരണവും മുന്നറിയിപ്പുകളുമുണ്ടായിട്ടും അവയുടെ ഉപയോഗത്തിൽ പിന്നെയും കടിച്ചുതൂങ്ങുന്നത് സ്വന്തത്തെ നശിപ്പിക്കാലായാണ് വിലയിരുത്തപ്പെടുക. ആത്മഹത്യാ പരമാണത്. അവയാകട്ടെ മാരകരോഗങ്ങളുണ്ടാക്കുന്നത് വ്യക്തിയുടെ സമ്മതത്തിന്റെ അടിസ്ഥാനത്തിലല്ല, അവയുടെ പ്രകൃതിയാണത്. അത് സമ്മതിച്ചു അവയുടെ ഉപയോഗം അവസാനിപ്പിക്കലത്രെ സ്വന്തത്തോടും സമൂഹത്തോടും ചെയ്യുന്ന സന്മനസ്സ്. നിയമവും സമ്മർദ്ദവും മാത്രം പരിഗണിച്ചു ദുശ്ശീലങ്ങൾ കൈവെടിയുന്ന രീതി ദൗർഭാഗ്യകരമാണ്. അത് തിരുത്തപ്പെടേണ്ടതാണ്.

സ്വയം ഉദ്ബുദ്ധമാകാത്ത മനസ്സുകൾക്കു മുമ്പിൽ നിയമം പാഴ്വേലയാണ്. ഖുർആൻ മദ്യം നിരോധിച്ചതു പോലെ സാഹചര്യങ്ങളെക്കൂടി കണക്കിലെടുത്തു പടിപടിയായി വേണം ദുശ്ശീലങ്ങളെ മനുഷ്യമനസ്സുകളിൽനിന്ന് പറിച്ചെറിയാൻ. അതിന്റെ അഭാവത്തിൽ ബസ്യാത്രക്കിടയിലായാലും ഒന്ന് വലിക്കാനുള്ള പൂതി അടക്കിനിർത്താനാകില്ല.

ദുശ്ശീലങ്ങൾ വർജിക്കൽ സംസ്കാരത്തിന്റെ ഭാഗമായി കാണണം. മാന്യതയുടെ അടയാളമാണത്. പക്ഷേ, സ്വന്തത്തെ മാത്രമല്ല, സമൂഹത്തെക്കൂടിയാണത് നശിപ്പിക്കുകയെന്ന മാനുഷികബോധത്തിൽനിന്നാണ് അത് വളർന്നു വരേണ്ടത്.